മായി നൽകിവരുന്ന പൂളിൽനിന്നുള്ള വൈദ്യുതി ലഭ്യമാക്കണമെന്നുണ്ടെങ്കിൽ മുൻകൂട്ടി പണം നൽകിയിരിക്കണം എന്നാണ്. മുൻകൂട്ടി പണം നൽകാതെ സംസ്ഥാനങ്ങൾക്ക് വൈദ്യുതി നൽകില്ലെന്നുള്ള സമീപനം കേന്ദ്രം സ്വീകരിച്ചിട്ടുള്ളതായിട്ടാണ് മനസ്സിലാക്കാൻ കഴിയുന്നത്. യഥാർത്ഥത്തിൽ മുൻകൂട്ടി പണം നൽകുക എന്നു പറഞ്ഞാൽ, മുൻകൂട്ടി ജനങ്ങളിൽനിന്ന് പണം പിരിച്ചു നൽകുക എന്നതിലേക്ക് ഒരിക്കലും പോകാൻ നമുക്ക് ആവുകയില്ല. കേന്ദ്ര ഗവൺമെന്റ് ഈ കാര്യത്തിലെടുത്തിരിക്കുന്ന നയത്തിൽ സംസ്ഥാന ഗവൺമെന്റിന് ജനങ്ങളോടുള്ള ഒരു യുദ്ധപ്രഖ്യാപനത്തിന്റെ സ്വഭാവം അടങ്ങിയിട്ടുള്ളതായി കാണാൻ സാധിക്കും. സംസ്ഥാനങ്ങൾക്കുകൂടി അർഹതപ്പെട്ട, അവകാശപ്പെട്ട ആനുകൂല്യം നിഷേധിച്ചത് ഊർജ്ജ മേഖല പൊതു ഉടമസ്ഥതയിൽനിന്നു മാറ്റി സ്വകാര്യവൽക്കരിക്കുക എന്ന തീവ്രമായ ശ്രമത്തിന്റെ തുടർച്ചയിൽ ഇൻഡ്യയിലെ ജനങ്ങളെ പിഴിഞ്ഞെടുത്ത്, ഇൻഡ്യയിലെ സമ്പന്നൻമാരുടെ സംരക്ഷണത്തിനുവേണ്ടി ആവിഷ്ക്കരിച്ചിരിക്കുന്ന ഒരു സാമ്പത്തിക നയത്തിന്റെ തുടർച്ചയായിട്ടാണ് കേരള ഗവൺമെന്റ് കാണുന്നത്. ഇതിനെതിരായി, യോജിച്ച ഒരു അഭിപ്രായം വളർന്നു വരികയും ഭരണതലത്തിലും മറ്റുമുള്ള ജനങ്ങളുടെ കൂട്ടായ ശക്തമായ എതിർപ്പ് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ക്യാബിനറ്റ് ഉപസമിതി എടുത്തിട്ടുള്ള ഈ തീരുമാനം പിൻവലിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് സംസ്ഥാന മുഖ്യമന്ത്രി ഇതിനകം ആവശ്യപ്പെട്ടിട്ടുണ്ട്. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടേയും കേന്ദ്ര ഗവൺമെന്റിന്റേയും ശ്രദ്ധയിൽ ഇലക്ട്രിസിറ്റി ബോർഡ് ഈ പ്രശ്നം കൊണ്ടുവന്നിട്ടുണ്ട്. കൂട്ടായി കേരളം പ്രതികരിക്കേണ്ടുന്ന ഗൗരവതരമായ ഒരു പ്രശ്നമായിട്ടാണ് ഗവൺമെന്റ് ഇതിനെ കണക്കാക്കുന്നത്.

(ശ്രീമതി രാധാരാഘവൻ സഭയിൽ ഹാജരില്ലാതിരുന്നതിനാൽ സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്രവികസനത്തിനായി നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള ശ്രദ്ധക്ഷണിക്കൽ ഉന്നയിക്കപ്പെട്ടില്ല.) *(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)*

IV. സബ്മിഷൻ

(1) കുവൈറ്റിൽ നിന്നും കോഴിക്കോട് വിമാനത്താവളത്തിൽ വന്നിറങ്ങിയ അഷറഫ് എന്ന ആൾ മരിക്കാനിടയായ സാഹചര്യം

ശ്രീ. പി.കെ.കെ. ബാവ : സർ, കുവൈറ്റിൽ ജോലി ചെയ്യുകയായിരുന്ന വടകര ഓർക്കാട്ടേരി സ്വദേശി മുഹമ്മദ് അഷറഫ് എന്ന ആൾ 22-3-2000-ത്തിന് രാവിലെ കോഴിക്കോട് വിമാനത്താവളത്തിൽ എത്തിച്ചേരുമെന്ന വിവരം ബന്ധുക്കൾക്ക് ലഭിച്ചതിനെത്തുടർന്ന് ഭാര്യയും മക്കളും അനുജനും നേരത്തേതന്നെ അവിടെ എത്തിച്ചേർന്നു. ഇൻഡ്യൻ എയർലൈൻസ് വിമാനത്തിൽ അദ്ദേഹം കൃത്യ സമയത്തുതന്നെ കോഴിക്കോട് വിമാനത്താവളത്തിൽ ഇറങ്ങുകയും ചെയ്തു. പക്ഷേ അദ്ദേഹത്തോടൊപ്പം യാത്ര ചെയ്തിരുന്ന പലരും കസ്റ്റംസ് ക്ലിയറൻസ് കഴിഞ്ഞ് പുറത്തുപോയിട്ടും അദ്ദേഹത്തെ കാണാതായപ്പോൾ ബന്ധുക്കൾ യാത്രക്കാരിൽ ഒരാളോട് അഷറഫ് വന്നിട്ടുണ്ടോയെന്ന് അന്വേഷിച്ചു. യാത്രക്കാരൻ പറഞ്ഞു, അദ്ദേഹം കസ്റ്റംസ് ക്ലിയറൻസുകാരോട് സംസാരിച്ചുകൊണ്ടിരിക്കുകയാണ്, ക്ലിയറൻസ് കഴിഞ്ഞാൽ എത്തും എന്ന്. ക്ലിയറൻസ് കഴിഞ്ഞില്ല എന്നാണ് പറഞ്ഞത്. ഇതിനിടയിൽ

LIBRARY ARCHIVES Kerala Legislative Assembly

പുറത്തു നിൽക്കുകയായിരുന്ന ബന്ധുക്കളെ അഷറഫ് കാണാനിടയായി. അഷറഫ് ഓടി വന്ന് അവരോട് ക്ഷേമാന്വേഷണം നടത്തിയിട്ട് പറഞ്ഞു, കസ്റ്റംസ് ക്ലിയറൻസ് കഴിഞ്ഞിട്ടില്ല, എന്നെ വല്ലാതെ ബുദ്ധിമുട്ടിപ്പിക്കുകയാണ് എന്ന്. ക്ലിയറൻസ് കഴിഞ്ഞതിനുശേഷം ഞാൻ വരാം എന്ന് പറഞ്ഞ് അയാൾ പോയി. അതു കഴിഞ്ഞ് ആരോ ഒരാൾ വന്ന് തന്നോടൊപ്പം ചെല്ലണമെന്ന് അഷറഫിന്റെ അനുജനോടു പറഞ്ഞു. അദ്ദേഹം അവിടെ ചെന്നുനോക്കിയ പ്പോൾ വേദനകൊണ്ട് അഷറഫ് കൈ നെഞ്ചിൽ അമർത്തിപ്പിടിച്ച് പുളയുക യായിരുന്നു. അനുജനെ കണ്ട ആശ്വാസത്തിൽ എനിക്കു ഭക്ഷണം തരണം എന്ന് അഷറഫ് ആവശ്യപ്പെട്ടു. ഭക്ഷണം വാങ്ങിക്കാൻ അനുജൻ പുറത്തു പോയി. തിരിച്ചു വന്നു നോക്കിയപ്പോൾ ചലനമറ്റു കിടക്കുന്ന നിലയിലാണ് അഷറഫിനെ അനുജൻ മുനീറിന് കാണാൻ സാധിച്ചത്. കസ്റ്റംസ് അധികൃത രുടെ പീഢനം മൂലമാണ് മരണമെന്ന് ഇതു സംബന്ധിച്ച് പത്രങ്ങളിലൊക്കെ വാർത്ത വന്നിട്ടുണ്ടായിരുന്നു. മാത്രവുമല്ല അനുജന്റെതന്നെ ഒരു പരാതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഞാൻ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്താണ് ഇതിന്റെ യഥാർത്ഥ സ്ഥിതിയെന്ന് അറിയുന്നതിനാവശ്യമായ അന്വേഷണം നടത്തി, ഇതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്ന തിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യ മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, 22-3-2000-ന് കുവൈ റ്റിൽനിന്നും ഇൻഡ്യൻ എയർലൈൻസ് വിമാനത്തിൽ കോഴിക്കോട് വിമാന ത്താവളത്തിൽ വന്നിറങ്ങിയ വടകര കല്ലാർ വീട്ടിൽ മുഹമ്മദ് അഷറഫ്, കസ്റ്റംസ് അധികൃതരുടെ ചോദ്യംചെയ്യലിനിടയിൽ കുഴഞ്ഞുവീണു. എയർപോർട്ട് അതോറിറ്റിയുടെ ഡോക്ടർ പരിശോധിച്ചതിനുശേഷം ബന്ധു ക്കളോടൊപ്പം കൊണ്ടോട്ടി മെഴ്സി ആശുപത്രിയിൽ ചികിൽസിക്കാൻ കൊണ്ടുപോകുംവഴി മുഹമ്മദ് അഷറഫ് മരണമടഞ്ഞു. കസ്റ്റംസ് പീഡനം മൂലമാണ് മരണപ്പെട്ടതെന്ന ഒരു പരാതിയും ലഭിച്ചിട്ടില്ല. പരാതി ലഭിച്ചാൽ ഇക്കാര്യം അന്വേഷിക്കുന്നതാണ്.

(2) മലയോര വികസന അതോറിറ്റി രൂപീകരണം

ശ്രീ. ഇ.എം. അഗസ്തി : സർ, കേരളത്തിന്റെ വികസന ചരിത്ര ത്തിൽനിന്നും പൂർണ്ണമായും ഒഴിവാക്കപ്പെട്ടിരിക്കുന്ന കിഴക്കൻ മലയോര പ്രദേ ശങ്ങളുടെ വികസനം ലക്ഷ്യമാക്കി മലയോര വികസന അതോറിറ്റി രൂപീകരി ക്കണമെന്ന ആവശ്യം മുൻനിർത്തി ഇടുക്കി ജില്ലയിലെ കോൺഗ്രസ്സ് പ്രവർത്തകൻമാർ ഇന്ന് സെക്രട്ടേറിയറ്റിനു മുമ്പിൽ ധർണ്ണ നടത്തുകയാണ്. 1995-ൽ ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോഴാണ് മലയോര വികസന അതോറിറ്റി രൂപീകരണം പ്രഖ്യാപിച്ചത്. 1995-ലെ ബഡ്ജറ്റിൽ ഒരു കോടി രൂപ പ്രാരംഭ പ്രവർത്തനത്തിനു നീക്കിവയ്ക്കുകയും സംസ്ഥാനത്തെ സീനിയർ ഐ.എ.എസ്. ഓഫീസർ ശ്രീ. എം.എസ്. ജോസഫിനെ ഇതിന്റെ പഠനം നടത്തുന്നതിന് സ്പെഷ്യൽ ഓഫീസറായി നിയോഗിക്കുകയും ചെയ്തു. ശ്രീ. എം.എസ്. ജോസഫിന്റെ റിപ്പോർട്ട് ഈ ഗവൺമെന്റ് സ്വീകരി ച്ചിട്ടില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. മലയോര വികസന അതോറിറ്റി ആവ ശ്യമില്ലെന്നുള്ള ഈ ഗവൺമെന്റിന്റെ സമീപനം ഇടുക്കി, വയനാട്, പത്തനം തിട്ട, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിലെ കിഴക്കൻ മലയോര പ്രദേശങ്ങളിലെ ജനങ്ങളെ പൂർണ്ണമായും നിരാശരാക്കിയിരിക്കുന്നു. കേരളത്തിന്റെ വികസന ത്തിൽനിന്ന് മലയോര പ്രദേശങ്ങളെ പൂർണ്ണമായും ഒഴിവാക്കിയിരിക്കുകയാ

LIBRARY ARCHIVES Kerala Legislative Assembly